## 2010 മാർച്ച് 7

# ക്നാനയ്ത്തോ ഞായർ

# വലിയനോമ്പിലെ നാലാം ഞായർ

## മത്താ 15:21–28

**ഫാ. ബർണാർഡ് വലിയവിള**

തന്റെ മകനിൽനിന്ന് പിശാചിനെ പുറത്താക്കണം എന്ന് അഭ്യർത്ഥിക്കുന്ന ഒരമ്മയും അവളുടെ അഭ്യർത്ഥനയ്ക്ക് ഈശോ നൽകുന്ന മറുപടിയുമാണ് ഇന്നത്തെ ചിന്താവിഷയം. വായിക്കുമ്പോഴും കേൾക്കുമ്പോഴും ഏറെ ധാരണാപിശകുകളും സംശയങ്ങളും ഉണർത്തുന്ന തിരുവചനഭാഗമാണിത്. ഈശോ സമീപിക്കുന്ന സ്ത്രീ കനാൻകാരിയാണെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നു. അതായത് യഹൂദർ കനാൻ കൈവശമാക്കുന്നതിനുമുമ്പ് അവിടെ വസിച്ചിരുന്നവരുടെ പിൻതലമുറയിൽപ്പെട്ടവളാണ് ഈ സ്ത്രീ.

ഈശോ തന്റെ ശിഷ്യന്മാരുമൊത്ത് ടയിർ, സീദോൻ പ്രദേശങ്ങളിലൂടെ കടന്നുപോകുമ്പോൾ കനാൻകാരി സ്ത്രീ വന്ന് ഈശോയോടു കരഞ്ഞപേക്ഷിക്കുന്നു. “കർത്താവേ ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമെ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു.” എന്നാൽ ഈശോ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യന്മാർ യേശുവിനോട് അഭ്യർത്ഥിക്കുന്നു. “അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ.” എന്നാൽ, ശിഷ്യന്മാർ ഈ വിഷയത്തിൽ ഇടപെട്ടത് അവളോടുള്ള സ്നേഹത്താലല്ല. പ്രത്യുത, ശല്യം ഒഴിവാക്കാനായിരുന്നു എന്നത് വ്യക്തമാണ്. കാരണം സ്നേഹത്തെപ്രതി ആയിരുന്നെങ്കിൽ, അവളുടെ മകളെ സുഖപ്പെടുത്തണമെന്നായിരുന്നു അവർ യേശുവിനോട് പറയേണ്ടിയിരുന്നത്. എന്നാൽ, അവർ അത്തരത്തിലൊന്നും പറയുന്നില്ല.

ഈശോയുടെ ഈ വിഷയത്തിലുള്ള പ്രതികരണം തികച്ചും അപ്രതീക്ഷിതമായിരുന്നു. ഈശോ അവളുടെ അപേക്ഷ നിരസിക്കുകയാണെന്ന് പ്രഥമദൃഷ്ട്യാ നമുക്ക് തോന്നാം. ഈശോ പറഞ്ഞു, “ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.” ഇത്തരത്തിൽ ഒട്ടും ആശാവഹമല്ലാത്ത പ്രതികരണവും മറുപടിയും ലഭിച്ചിട്ടും അവൾ ഈശോ വിടാതെ പിൻതുടർന്നു. പ്രത്യക്ഷത്തിൽ പ്രതികൂലമായ മനോഭാവമാണ് ഈശോയുടെ വാക്കുകളിലൂടെ പുറത്തുവന്നത്. എന്നിട്ടും അവൾ പിൻവാങ്ങിയില്ല. സഹായിക്കണമേ എന്നപേക്ഷിച്ചു. അനുകമ്പയുടെ ലാഞ്ചനപോലുമില്ലാത്ത വാക്കുകൾ കേട്ടിട്ടും അവൾ നിരാശപ്പെടാതിരുന്നത് എന്തുകൊണ്ടാണെന്ന് നാം ചിന്തിക്കുന്നുണ്ടാവും. ഈശോ തന്നെ കൈവിട്ടാൽ തനിക്ക് ആശ്രയമായി മറ്റാരും ഇല്ല എന്ന് അവൾക്കുറപ്പുണ്ടായിരുന്നു. ജീവിതത്തെ ഇളക്കിമറിക്കുന്ന പ്രതിസന്ധികളിൽ നമ്മെ സഹായിക്കാൻ ദൈവത്തിനുമാത്രമേ കഴിയൂ എന്ന തിരിച്ചറിവ് നമ്മെ കൂടുതൽ ദൈവികരാക്കി മാറ്റും.

ഈശോ അവളോടു പറഞ്ഞു “മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല.” ഈശോയുടെ ഈ വാക്കുകൾ ക്രൂരമായിപ്പോയി എന്നു നമുക്കു തോന്നാം. സകല മനുഷ്യരുടെയും മിഴികളിൽനിന്ന് കണ്ണീർ തുടച്ചുനീക്കാൻ വന്ന ദൈവപുത്രന്റെ വാക്കുകൾ ഇത്രയ്ക്കും കഠിനമായിപ്പോയോ എന്ന് നാം ചിന്തിച്ചുപോകും. ഈ വാക്കുകളിലൂടെ അവളെ അപമാനിക്കുകയോ, അനുഗ്രഹം നിഷേധിക്കുകയോ ആയിരുന്നില്ല ഈശോയുടെ ലക്ഷ്യം. മറിച്ച് അക്കാലഘട്ടത്തിൽ അവരുടെ സമൂഹത്തിൽ പ്രചാരത്തിലിരുന്ന ഒരു പഴഞ്ചൊല്ല് ഉപയോഗിച്ച് അവൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ഒരു യാഥാർത്ഥ്യം വ്യക്തമാക്കുക മാത്രമായിരുന്നു യേശു ചെയ്തത്.

രക്ഷ തങ്ങളിൽ നിന്നാണെന്നും ദൈവികരക്ഷ അവകാശമാക്കിയ ജനത തങ്ങൾ മാത്രമാണെന്നും യഹൂദർ ഉറപ്പായി വിശ്വസിച്ചിരുന്നു. ദൈവിക പദ്ധതിയിൽ യഹൂദർക്കുള്ള പ്രഥമസ്ഥാനം ഒരു പഴഞ്ചൊല്ല് ഉപയോഗിച്ച് ഈശോ വ്യക്തമാക്കിയെന്നുമാത്രം. അതോടൊപ്പം അവളുടെ വിശ്വാസത്തിന്റെ ആഴം ലോകത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള അവസരം ഉണ്ടാക്കികൊടുക്കുക എന്ന ലക്ഷ്യവും ഈശോയ്ക്ക് ഉണ്ടായിരുന്നു.

ഈശോ ഉദ്ദേശിച്ച അർത്ഥത്തിൽതന്നെ ആ സ്ത്രീ അവിടുന്ന് പറഞ്ഞതിന്റെ അർത്ഥം ഗ്രഹിച്ചു എന്ന് തെളിയിക്കുന്നതാണ് അവളുടെ പ്രതികരണം. അവൾ പറഞ്ഞു, “അതെ കർത്താവേ, നായ്ക്കളും യജമാനൻന്മാരുടെ മേശയിൽനിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ?” മിശിഹായിലൂടെ ലഭ്യമാകുന്ന രക്ഷാകരമായ ദാനങ്ങൾ മക്കളായ യഹൂദർക്ക് നൽകിയശേഷമെങ്കിലും വിജാതീയർക്കു നല്കണമെന്നാണ് അവൾ അപേക്ഷിച്ചത്. ഉടയവനില്ലാത്ത, യജമാനനില്ലാത്ത ഒരു തെരുവുപ്പട്ടി പോലെ അനാഥയല്ല താൻ. മറിച്ച്, തന്റെ യജമാനൻ ഈശോയാണെന്ന് നിശബ്ദം അവൾ ഏറ്റുപറയുകയാണ്. തെരുവുനായസമം പലദൈവങ്ങളെ സമീപിക്കുന്ന വിജാതീയ വിശ്വസിയല്ല, മറിച്ച്, യജമാനന്റെ കരുണയും ശ്രദ്ധയും ആഗ്രഹിച്ചുകൊണ്ട് മേശയ്ക്കരുകിൽ കഴിഞ്ഞുകൂടുന്ന വളർത്തുനായപോലെ ക്രിസ്തുവിൽ ശരണപ്രാപിച്ചിരിക്കുന്ന വിശ്വാസിയാണെന്ന് അവൾ സ്വയം വ്യക്തമാക്കുന്നു. അവളുടെ അചഞ്ചലമായ ഈ വിശ്വാസം കണ്ടിട്ടാണ് ഈശോ പറയുന്നത്, “സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ ഭവിക്കട്ടെ.”

പ്രിയമുള്ളവരെ, കാനാൻകാരിയുടെ വിശ്വാസത്തിന്റെ ആഴവും ഉറപ്പുമാണ് നാം ഇന്ന് ധ്യാനിക്കേണ്ടത്. താൻ ആഗ്രഹിക്കുന്നത് കിട്ടിയേ അടങ്ങു എന്ന ശാഠ്യം അവൾക്കുണ്ടായിരുന്നു. കാനാൻകാരിക്ക് ഈശോയിലുള്ള വിശ്വാസം തിക്താനുഭവങ്ങൾകൊണ്ടും തിരസ്കരണങ്ങൾകൊണ്ടും തകർന്നടിയുന്നതായിരുന്നില്ല. അവളുടെ വിശ്വാസസ്ഥിരത എല്ലാവർക്കും മാതൃകയാണ്. വിളിച്ചപേക്ഷിച്ചാൽ കർത്താവ് ഉപേക്ഷിക്കില്ലെന്ന വിശ്വാസം മനസ്സുമടുക്കാതെ മനം പതറാതെ നിലവിളിച്ച് പ്രാർത്ഥിക്കാൻ നമ്മെ പ്രേരിപ്പിക്കണം. യജമാനനെ പിരിയാത്ത, എറിയാഞ്ഞാലും, തല്ലായാലും വിട്ടുപിരിയാത്ത വളർത്തുനായ്ക്കളെ നമുക്കറിയാം. ഈ നോമ്പുകാലത്ത്, കാനാൻകാരിയെപ്പോലെ ദൈവത്തോടു വിശ്വാസത്തിലൂടെ പറ്റിച്ചേർന്ന് ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.